കശുവണ്ടി ഉൽപ്പാദനം

588 [847] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിവർഷം ആവശ്യമായി വരുന്ന കശുവണ്ടി എത്ര ടൺ ആണ്;

(ബി) ഉത്പാദിപ്പിക്കുന്നത് ഇപ്പോൾ എത്ര ടൺ ആണ്; കേരളത്തിനാവശ്യമായ കശുവണ്ടി കേരളത്തിൽത്തന്നെ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്താണത്?

ഉത്തരം

(എ) 4.5 ലക്ഷം മെട്രിക് ടൺ

(ബി) 1977.78 സാമ്പത്തിക വർഷത്തിൽ 1.28 ലക്ഷം മെട്രിക് ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചു. കേരളത്തിനാവശ്യമായ കശുവണ്ടി കേരളത്തിൽതന്നെ ഉൽപ്പാദിപ്പിക്കുവാനുള്ള പദ്ധതിയുണ്ട്.

(സി) 1. കശുമാവ് കൃഷി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കുക.

2. ഉള്ള കശുമാവു തോട്ടങ്ങളിലെ ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ ശാസ്ത്രീയ കാർഷിക മുറകൾ അവലംബിക്കുന്നതിന് കർഷകരെ പ്രോൽസാഹിപ്പിക്കുക.

3. പൊതുമേഖലയിൽ തരിശുഭൂമിയിൽ കശുമാവു തോട്ടങ്ങൾ വച്ചുപിടിപ്പിക്കുക.

4. പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക.

5. സൗജന്യമായി കശുമാവിന് സസ്യസംരക്ഷണ നടപടികൾ ചെയ്യുക.

6. മേൽത്തരം നടീൽ വസ്തുക്കൾ; കശുവണ്ടിയും പതിവച്ച തൈകളും ഗവൺമെൻറിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

കെ.എൽ.ഡി.എം.എം. ബോർഡിലെ നിയമനങ്ങൾ

589 [848] ശ്രീ. എസ് തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെൻറ് ആൻറ് മിൽക്ക് മാർക്കറ്റിംഗ് ബോർഡിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ, ബി) കേരളാ ലൈവ് സ്റ്റോക്ക് ഡവലപ്പ്മെൻറ് ആൻറ് മിൽക്ക്മാർക്കറ്റിംഗ് ബോർഡിലെ നിയമനങ്ങൾ ഇതുവരെ പി.എസ്. സിക്കുവിട്ടുകൊടുത്തിട്ടില്ല. അവയെ പി.എസ്.സിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ഗവൺമെൻറ് എടുത്തുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly